മാലിന്യവിപത്തിനെപ്പററി പൊതുജനബോധം വേണ്ടത്ര ഉണർന്നു കഴിഞ്ഞിട്ടുമില്ല.

ജനങ്ങൾക്കിടയിൽ മാലിന്യവിപത്തിനെപ്പററിയുള്ള ബോധം ഉളവാക്കുകയും, ഈ വിപത്തിനെതിരെ സംഘടിച്ചു പൊരുതുന്നതിനുള്ള സന്നദ്ധതയും സംഘടനം—സംവിധാനവും നാട്ടുനീളെ കെട്ടിപ്പടുക്കുകയും ചെയ്യുംവരെ, സർക്കാർതലത്തിലുള്ള മാലിന്യ—നിവാരണ—പ്രവർത്തനങ്ങൾക്ക് ഉദ്ദിഷ്ടഫലം കൈവരുമെന്നു പ്രതീക്ഷിച്ചുകൂടാ.

ഗംഗയുടെ മാലിന്യം അകററുന്നതിനു ദേശീയതലത്തിൽ നടക്കുന്ന പ്രവർത്തനം, സംസ്ഥാനതലത്തിൽ നദീമാലിന്യനിർമാർജനപ്രവർത്തനങ്ങൾക്കു പ്രചോദനം നൽകേണ്ടതാണ്. ഗംഗയെപ്പോലെതന്നെ അടിയന്തിരമായി മാലിന്യനിർമാർജനം ആവശ്യപ്പെടുന്നവയാണ് ഇന്ത്യയിലെ എല്ലാ നദികളും. ഗുജറാത്തിലെ രാസവ്യവസായങ്ങൾ കലർത്തിവിടുന്ന മാലിന്യം നിമിത്തം സബർമതിപുഴയിലേക്കിറങ്ങാൻ കന്നുകാലികൾ കൂട്ടാക്കാതായിട്ടുണ്ടെന്ന് ഈയിടെ ഒരു പത്രത്തിൽ വായിക്കുകയുണ്ടായി. കേരളത്തിൽ ചാലിയാർ ഒരു വിഷനദിയായി മാറിയിട്ട് എത്ര വർഷങ്ങളായി! പെരിയാറിൻെറ ആരോഗ്യവും ആശങ്കാജനകമാംവിധം അധഃപതിച്ചിട്ടുണ്ട്. ഗംഗയെപ്പോലെ തെക്കേ ഇന്ത്യയിലെ ഒരു നദിയിൽക്കൂടി മാലിന്യനിയന്ത്രണപ്രവർത്തനങ്ങൾ കേന്ദ്രഗവണ്മെൻറിൻെറ ഉത്തരവാദിത്തത്തിൽ താമസിയാതെ ആരംഭിക്കുന്നതാണെന്നു ജനുവരി 24-ാം തീയതി പാർലമെൻറിൽ പ്രധാനമന്ത്രി രാജീവ ഗാന്ധി പ്രസ്താവിച്ചിരുന്നു. എന്തുകൊണ്ട് ഈ നദി പെരിയാറായിക്കൂടാ? അതേതായാലും നദീജലങ്ങളിൽ ഇപ്പോഴുള്ള മാലിന്യത്തെപ്പററിയും, ഈ മാലിന്യം അകററി അവയുടെ വിശുദ്ധി വീണ്ടെടുക്കുന്നതിനെപ്പററിയുള്ള തീവ്രമായ അവബോധം കേരളത്തിലെ ജനങ്ങൾക്കിടയിൽ വളർത്തുവാൻ ഒരു സംഘടിതശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു. സ്റ്റേററിലെ ശാസ്ത്ര—സാങ്കേതികവകുപ്പ് ഈ കാര്യത്തിൽ മുൻകൈ എടുക്കുമോ?

(26 ജനുവരി, 1985)

# 36. ഏഴാം പഞ്ചവത്‌സരപദ്‌ധതി എന്തിന്?

വികസനത്തിനുവേണ്ടി സമഗ്രമായ സാമ്പത്തികാസൂത്രണം എന്ന ആശയം ആദ്യമായി ആവിഷ്കരിച്ചതു് സോവിയററ്‌യൂണിയൻ ആയിരുന്നു. സോവിയററ്‌യൂണിയനിലെ സപ്തവത്സരപദ്ധതികളെ മാതൃകയാക്കിയാണ് സ്വതന്ത്രഭാരതം പഞ്ചവത്സരപദ്ധതികൾക്കു രൂപം നൽകിയതു്. ആറ് പഞ്ചവത്സരപദ്ധതികൾക്കും, ഇടയ്ക്കുള്ള ചില 'പ്ലാൻ ഹോളിഡേ'കൾക്കുംശേഷം, പഞ്ചവത്സരപദ്ധതികൾ ഇന്നു നമ്മുടെ ശ്രദ്ധ ആകർഷിക്കാതായിരിക്കുന്നു. നിത്യനിദാനഭരണത്തിൻെറ ഭാഗമായി, ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ മറെറാരു രൂപമായി അവ മാറിയിരിക്കുന്നു.

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു് ആറാമത്തെ പഞ്ചവത്സരപദ്ധതിയാണെന്ന് എത്രപേർ ഓർമിക്കുന്നുണ്ടാവും? ഓരോ പദ്ധതിക്കാലം തീരുമ്പോഴും പദ്ധതിയുടെ ഭൗതികലക്ഷ്യങ്ങൾ നേടിക്കഴിഞ്ഞുവോ എന്നു പരിശോധിക്കുകയോ പദ്ധതികൊണ്ടു സമൂഹത്തിനു് എന്തു നേട്ട

മുണ്ടായി എന്നു വിലയിരുത്തുന്ന 'സോഷ്യൽ ഓഡിററ്' നടത്തുകയോ നാം പതിവില്ല. ഒന്നാം പദ്ധതിയിൽ തുടങ്ങിവെച്ച പണികൾതന്നെ ഇനിയും പൂർത്തിയാവാതെ കിടപ്പുണ്ടാവും. പല സമ്മർദങ്ങൾക്കു കീഴടങ്ങി, അത്യാവശ്യവും ആവശ്യവും അനാവശ്യവുമായ പല പണികളും ഏറെറടുക്കുക, ഒന്നും യഥാകാലം പൂർത്തിയാക്കാതിരിക്കുക, നിർദിഷ്ടമായ പൊതുപ്പണം എങ്ങനെയെങ്കിലും ചെലവാക്കിക്കഴിഞ്ഞാൽ പദ്ധതി വിജയിച്ചുവെന്ന് ഉദ്ഘോഷിക്കുക—ഇതൊക്കെയാണ് ഇവിടത്തെ സമ്പ്രദായം. അതുകൊണ്ടാണല്ലോ നക്ഷത്രമെണ്ണാനും വെളിച്ചത്തിന്റെ വേഗം ഗണിക്കാനും മാത്രം ഉതകുന്ന വലിയ സംഖ്യകളിൽ എഴുതേണ്ടത്ര തുകകൾ ചെലവഴിച്ച് ആറ് പഞ്ചവത്സരപദ്ധതികൾ പൂർത്തിയാക്കിക്കഴിഞ്ഞിട്ടും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെയും തൊഴിലില്ലാത്തവരുടെയും വീടില്ലാത്തവരുടെയും രോഗികളുടെയും നിരക്ഷരരുടെയും എണ്ണം ഇന്ത്യയിൽ എന്നത്തേക്കാളും ഇന്നു കൂടുതലായിരിക്കുന്നത്!

1985 മുതൽ 1990 വരെയുള്ള അഞ്ചു വർഷങ്ങളിൽ ഏഴാമത്തെ പഞ്ചവത്സരപദ്ധതി നാം നടപ്പിൽ വരുത്തുവാൻപോകുകയാണ്. ഇന്നത്തെ നിലവാരം അനുസരിച്ച് മൂന്നുലക്ഷത്തിയിരുപതിനായിരം കോടി (3,20,00,00,00,00,00) രൂപയാണ് ഈ പദ്ധതിക്കാലത്തു ചെലവഴിക്കുക. ഈ തുകയിൽ ഒരു ലക്ഷത്തിയെൺപതിനായിരം കോടി രൂപ മുടക്കുന്നതു പൊതുമേഖലയായിരിക്കും. ശേഷിച്ച ഒരുലക്ഷത്തി നാല്പതിനായിരം രൂപ സ്വകാര്യമേഖലയിൽ മുടക്കും.

അന്നന്നത്തെ ചെലവുകൾ നടത്തിക്കൊണ്ടുപോകാൻ ആവശ്യമായത്ര വരുമാനംതന്നെയില്ലാത്ത സർക്കാർ ഈ ഭീമമായ തുക വിശേഷാൽ ആവശ്യങ്ങൾക്കു മുടക്കുന്നതെങ്ങനെയാണ്? വിദേശങ്ങളിൽനിന്നു കടമെടുക്കുകയാണ് ഒരു മാർഗം. എന്നാൽ, ലോകബാങ്കിൽനിന്നും അതിന്റെ ഘടകങ്ങളിൽനിന്നും ചുരുങ്ങിയ പലിശയ്ക്കു കടം കിട്ടുക പ്രയാസമായിത്തീർന്നിട്ടുണ്ട്. ഇതുവരെ വാങ്ങിയ കടവും പലിശയും തിരിച്ചടയ്ക്കുന്ന പ്രശ്നം വേറെയുമുണ്ട്. കടം വേണ്ട രാജ്യങ്ങൾ മേലിൽ മുതലാളിത്തരാജ്യങ്ങളിലെ സ്വകാര്യബാങ്കുകളിൽനിന്നു വാങ്ങിക്കൊള്ളട്ടെ എന്നതാണ് ഐക്യരാഷ്ട്രസംഘടനയുടെ ഇന്നത്തെ നില. ഈ ബാങ്കുകളാണെങ്കിൽ വലിയ നിരക്കിൽ പലിശ ചുമത്തുന്നു. പുറമേ, കടം വാങ്ങിയ രാഷ്ട്രങ്ങളുടെ സ്വദേശ–വിദേശനയങ്ങളിൽ കൈകടത്തുകയുംചെയ്യുന്നു. അണുബോംബു പോലെ 'കടബോംബ്' ഇന്നു പല രാജ്യങ്ങളുടെയും തലയ്ക്കു മുകളിൽ തൂങ്ങിനിൽക്കുന്നു. ഇന്ത്യയുടെ കാര്യം വളരെ മോശമായിട്ടില്ല. ഇന്നു നമ്മുടെ കയററുമതി വരുമാനത്തിൽ പതിനാറു ശതമാനത്തോളം മാത്രമേ കടം വീട്ടാനും കടം പലിശ നൽകാനുമായി ചെലവഴിക്കപ്പെടുന്നുള്ളൂ. പക്ഷേ, കാലംചെല്ലുന്തോറും ഈ ശതമാനം കൂടുതലാവും. ഒടുവിൽ നമ്മുടെ കയററുമതി അപ്പാടെ കടംവീട്ടൽ ഇനത്തിലേക്കു വകയിരുത്തേണ്ട നില വന്നുകൂടായ്കയുമില്ല.

പദ്ധതിച്ചെലവുകൾക്കു നാം മൂലധനം നേടിയിരുന്ന മറെറാരു മാർഗം കമ്മിപ്പണം (നോട്ടടിക്കൽ) ആണ്. വരുമാനത്തിന്റെ വളരെയധികം [illegible] വിലവരുന്ന നോട്ടുകൾ സർക്കാർ അടിച്ചിറക്കുമ്പോഴാണ് നാണയപ്പെരുപ്പം എന്ന പ്രതിഭാസം ഉണ്ടാവുന്നത്. ജനങ്ങളെ കൂട്ടത്തോടെ പാപ്പരാക്കുകയും സമാധാനജീവിതം അസാദ്ധ്യമാക്കുകയും ചെയ്യുന്ന ഒരു ദുരന്തമാണു കടിഞ്ഞാണില്ലാത്ത നാണയപ്പെരുപ്പം. ഇന്ത്യയിൽ നാണയപ്പെരുപ്പം ഇനിയും അതിരുകവിഞ്ഞു പോയിട്ടില്ലത്രെ. പക്ഷേ, അതിന്റെ ഗതി അതിരിനുമപ്പുറത്തേക്കാണ് എന്നു കാണാൻ പ്രയാസമില്ല.

വിദേശക്കടത്തിലുള്ള ആശ്രയം പരമാവധി ചുരുക്കിയും നോട്ടടി(കമ്മിപ്പണനിർമാണം) കുറച്ചുമാണ് ഏഴാം പദ്ധതിക്ക വേണ്ട നിക്ഷേപത്തുക ഉണ്ടാക്കുകയെന്ന് പദ്ധതിയുടെ സമീപനരേഖ പറയുന്നു. അതായത് നികുതികളിൽനിന്നുതന്നെ നിത്യനിദാനച്ചെലവിനുപുറമേ പദ്ധതി നിക്ഷേപത്തിനുള്ള പണമുണ്ടാക്കും. ലോകത്തിൽ ഏറ്റവും അധികം നികുതിചുമത്തുന്ന രാജ്യങ്ങളിലൊന്നാണ് ഇപ്പോൾത്തന്നെ ഇന്ത്യ. നികുതിനിരക്ക വർദ്ധിപ്പിക്കാതെതന്നെ ഇവിടെ മുതലെടുപ്പ വർദ്ധിപ്പിക്കാൻ കഴിയുമെന്നു സമീപനരേഖ പറയുന്നു. ഭരണം കാര്യക്ഷമമാക്കുകയും 'നികുതിവല'യുടെ വിസ്താരം കൂട്ടുകയുമേ ഇതിനു ചെയ്യേണ്ടവത്രെ. പക്ഷേ, ഏതു നികുതിവലയിലാണു സാമ്പത്തികസ്രാവുകൾ കടുങ്ങുക?

പന്ത്രണ്ട് ഇനങ്ങളുടങ്ങുന്ന ഒരു 'തന്ത്രം' ഏഴാം പദ്ധതിക്ക നിർദേശിക്കപ്പെട്ടിട്ടുണ്ട്. ഈ 'ഇന'ങ്ങൾ താഴെ ചേർക്കുന്നു:

1. പദ്ധതിയുടെ ആസൂത്രണം വികേന്ദ്രീകരിക്കുക, പൊതുജനങ്ങൾക്ക് വികസനത്തിൽ പൂർണമായ പങ്കാളിത്തം നൽകുക.
2. ഉല്പാദനക്ഷമമായ തൊഴിൽ കഴിയുന്നത്ര കൂടുതൽ ഉണ്ടാക്കുക.
3 ദാരിദ്ര്യത്തിൻെറ കടപ്പം കുറയ്ക്കുക; ജനവിഭാഗങ്ങൾ തമ്മിലും വ്യത്യസ്ത പ്രദേശങ്ങൾ തമ്മിലും ഗ്രാമങ്ങളും നഗരങ്ങളും തമ്മിലും വരുമാനത്തിലുള്ള വ്യത്യാസം ചുരുക്കുക.
4. കൂടുതൽ ഭക്ഷണം ആളുകൾക്ക നൽകിക്കൊണ്ടുതന്നെ ഭക്ഷ്യപദാർത്ഥങ്ങളിൽ സ്വയം പര്യാപ്തത നേടുക.
5. ജനങ്ങളുടെ ഉപഭോഗനിലവാരം ഉയർത്തുക; പ്രത്യേകിച്ച് വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം, ശുചീകരണം, ഗൃഹനിർമാണം എന്നീ കാര്യങ്ങളിൽ കൂടുതൽ ചെലവുചെയ്യാൻ ജനങ്ങളെ പ്രാപ്തരാക്കുക; ഈ ഇനങ്ങളിൽ സർക്കാർ കൂടുതൽ ചെലവഴിക്കുക.
6 കയററുമതി വർദ്ധിപ്പിച്ചും ഇപ്പോൾ ഇറക്കുമതിചെയ്യുന്ന സാധനങ്ങളോ അവയ്ക്കു പകരംവെക്കാവുന്ന സാധനങ്ങളോ ഇവിടെത്തന്നെ ഉണ്ടാക്കിയും ആത്മനിർഭരത വളർത്തുക.
7. സ്വന്തം ഇഷ്ടപ്രകാരമുള്ള സന്താനനിയന്ത്രണം പ്രോത്സാഹിപ്പിക്കുക, സ്ത്രീകൾക്ക സാമ്പത്തികവും സാമൂഹ്യവുമായ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായ പങ്കു നൽകുക.
8. സാമ്പത്തികവളർച്ചയ്ക്കു ഭരണപരമായും മററുമുള്ള പ്രതിബന്ധങ്ങൾ നീക്കുക, യന്ത്രങ്ങളുടെയും അസംസ്കൃതപദാർത്ഥങ്ങളുടെയും ദൗർലഭ്യത പരിഹരിക്കുക; വ്യവസായശാലകളുടെയും കൃഷിയിടങ്ങളുടെയും ശേഷി പരമാവധി ഉപയോഗപ്പെടുത്തി സാമ്പത്തികോല്പാദനം ഉയർത്തുക
9. വ്യവസായങ്ങൾ ആധുനികീകരിക്കുക.
10. ഊർജദുർവ്യയം പരിഹരിക്കുക, പുതിയ ഊർജ മാർഗങ്ങൾ തേടുക.
11. വികസനാസൂത്രണത്തിൽ സയൻസും സാങ്കേതികവിദ്യയും ഉൾക്കൊള്ളിക്കുക.
12. പരിസരം സംരക്ഷിക്കുക.

ഈ ഇനങ്ങളിൽ ഒന്നും പുതിയവയല്ല; അവയിൽ കൂടുതൽ ഊന്നൽ നൽകണമെന്നേ ഉദ്ദേശിച്ചിട്ടുള്ളൂ എന്നു തോന്നുന്നു.

സയൻസിലും സാങ്കേതികവിദ്യയിലും ഗണ്യമായ മൂലധനനിക്ഷേ

പം ഏഴാം പദ്ധതിക്കാലത്തു് ഉണ്ടാവുമെന്ന കാണുന്നുണ്ട്. സർക്കാരിനു പുറമെ വ്യവസായസ്ഥാപനങ്ങളും ഈ വിഷയത്തിൽ ശ്രദ്ധ ചെലുത്തണമെന്നു് പദ്ധതിക്കുള്ള സമീപനരേഖയിൽ പറയുന്നു. വ്യവസായങ്ങഠം തങ്ങളുടെ വില്പനവരുമാനത്തിൽ പത്തു ശതമാനം ഗവേഷണ—വികസനങ്ങഠംക്കായി (ആർ ആൻഡ് ഡി) നീക്കിവയ്ക്കണം ഇതിനായി, പ്രത്യേകം തെരഞ്ഞെടുത്ത മേഖലകളിൽ പുതിയ സ്ഥാപനങ്ങളും വൈദഗ്ദ്ധ്യകേന്ദ്രങ്ങളും സ്ഥാപിക്കണം. ശാസ്ത്രജ്ഞന്മാരും അവരുടെ സംഘങ്ങളും ഇതിലൊരു പങ്കു നിർവഹിക്കണം.

ശാസ്ത്രത്തിനും സാങ്കേതികവിദ്യയ്ക്കുമായി ഒന്നാം പഞ്ചവത്സരപദ്ധതിയിൽ നീക്കിവച്ചതു് ഇരുപതു കോടി രൂപയായിരുന്നു. ആറാം പദ്ധതിയായപ്പോഴേക്കും ഈ തുക മൂവായിരത്തി മുന്നൂററിത്തൊണ്ണൂററേഴ കോടി രൂപയായി ഉയർന്നു. ഇതിൽ എൺപതുശതമാനവും ചെലവിടുന്നതു് കേന്ദ്രഗവണ്മെൻറാണ്. സംസ്ഥാനഗവണ്മെൻറുകളും വ്യവസായങ്ങളും കൂടി ചെലവിടുന്നതു് ഇരുപതു ശതമാനം മാത്രമാണു്. കൃഷിവിഭാഗം, അണുശക്തി—സ്പേസ്‌വിഭാഗം, സി. എസ്. ഐ. ആർ., സയൻസ്—ടെക്നോളജിവിഭാഗം, സമുദ്രവികസനവിഭാഗം എന്നിവയിലൂടെയാണു് കേന്ദ്രഗവണ്മെൻറു് ഇക്കാര്യത്തിൽ പ്രവത്തിക്കുന്നതു്. ശാസ്ത്ര—സാങ്കേതികവിദ്യകഠംക്കായി രാഷ്ട്രം ചെലവഴിക്കുന്ന പണത്തിൽ കഷ്ടിച്ചു പതിനഞ്ചു ശതമാനത്തോളമേ ഇന്നു പ്രാധാന്യമുള്ള സാമൂഹ്യ—സാമ്പത്തികമേഖലകഠംക്കു് ഉപയോഗറപ്പെടുന്നുള്ളു എന്നു സമീപനരേഖ ചൂണ്ടിക്കാട്ടുന്നു.

സയൻസ്സിനെയും സാങ്കേതികവിദ്യയെയും നേരിട്ടു് ഉല്പാദനവുമായി എങ്ങനെ ബന്ധപ്പെടുത്താം? മുൻഗണനപ്രകാരം ചില ലക്ഷ്യങ്ങഠം നിർവചിച്ചു്, അവയിൽ പ്രശ്നപരിഹാരത്തിനു സാങ്കേതിക വിദഗ്ദ്ധ സംഘങ്ങളെ നിയമിക്കണമെന്നു സമീപനരേഖ പറയുന്നു. മുന്നേററം അത്യാവശ്യമായ ചില മേഖലകഠം സർക്കാർ നിർദ്ദേശിക്കും. ഇവയിൽ, നാട്ടിലെ വിഭവങ്ങഠം ഉപയോഗപ്പെടുത്തി എങ്ങനെ മുന്നേറണമെന്നു് ശാസ്ത്ര—സാങ്കേതിക്സ്ഥാപനങ്ങഠം തീരുമാനിക്കണം.

ഗ്രാമീണരുടെ ആവശ്യങ്ങഠംക്കു മുൻഗണന നൽകും. ഈ ആവശ്യങ്ങഠം നിറവേററാൻ ശാസ്ത്രജ്ഞരും സാങ്കേതികവിദഗ്ദ്ധരും പരമാവധി പ്രയത്നിക്കണം. വിദേശസഹായം വേണ്ട മേഖലകളിൽ അതു നേടുകയും വേണം. കൃഷി, ജലസേചനം, കൽക്കരി—ഖനനം, എണ്ണഖനനവും സംസ്കരണവും, വിദ്യുത്ച്ഛക്തിയുല്പാദനം, ചാണകഗ്യാസ് മുതലായ വീണ്ടും ഉണ്ടാക്കാവുന്ന ഊർജസ്രോതസ്സുകളുടെ വികസനം, ഗതാഗതം, രാസവസ്തുക്കഠം, രാസവളങ്ങഠം, എൻജിനീയറിംഗ് വ്യവസായങ്ങഠം, ഇലക്ട്രോണിക് വ്യവസായം എന്നിവയുടെ വികസനത്തിനു് സയൻസും സാങ്കേതികവിദ്യയും പരമാവധി പ്രയോജനപ്പെടുത്തണമെന്നു് സമീപനരേഖ നിർദ്ദേശിക്കുന്നു. പൊതുവേ ഇന്ത്യക്കാർക്കിടയിൽ പ്രായോഗികശാസ്ത്ര—സാങ്കേതികവൈദഗ്ദ്ധ്യം വളത്തുകയെന്നതു് ഏഴാം പഞ്ചവത്സരപദ്ധതിയുടെ ഒരു ലക്ഷ്യമാണ്. ഇലക്ട്രോണിക്സ്, ബയോ—ടെക്നോളജി, സമുദ്രശാസ്ത്രം എന്നീ പുതിയ ശാസ്ത്രമേഖലകളിൽ ത്വരിതമായ മുന്നേററം ആവശ്യമായി വന്നിരിക്കുന്നു. ശാസ്ത്ര—സാങ്കേതികവികസനത്തിനു് സ്റ്റേററ് ഗവണ്മെൻറുകഠം കൂടുതൽ ധനനിക്ഷേപം ചെയ്യേണ്ടതിന്റെ അനിവാര്യത സമീപനരേഖ എടുത്തുകാട്ടുന്നുണ്ട്.

സമീപനരേഖയെപ്പററി ചർച്ചചെയ്യുന്നതിനായി ജൂലൈ 13—ാം തീയതി ദില്ലിയിൽ പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേന്ന ദേശീയ വികസന കൗൺസിലിൻെറ യോഗം പത്രങ്ങളുടെ ശ്രദ്ധയാകർഷിച്ചതു് അതിൽനിന്നു നാലു കോൺഗ്രസ് ഇതര മുഖ്യമന്ത്രിമാർ ഇറങ്ങിപ്പോ

യതുനിമിത്തമാണ്. ഇറങ്ങിപ്പോയതിനുശേഷം ബംഗാൾ മുഖ്യമന്ത്രി ശ്രീ ജ്യോതിബാസു ചെയ്ത ഒരു പ്രസ്താവനയിൽ, ഇന്നത്തെ കേന്ദ്രഗവണ്മെന്റിന് അടുത്തപദ്ധതിയുടെ രൂപരേഖ നിർണയിക്കാൻ അവകാശമില്ലെന്നുവരെ സൂചിപ്പിച്ചിരുന്നു. പാർലമെന്റിലേക്കു നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിന്റെ ഫലം എന്താകുമെന്ന് ഇപ്പോൾ പ്രവചിക്കുക വയ്യല്ലോ. എതിർകക്ഷികളുടെ കൂട്ടുമുന്നണി പാർലമെന്റിൽ ഭൂരിപക്ഷം നേടിയാൽ, അവർ തയ്യാറാക്കുന്ന പദ്ധതി മറ്റൊരു വിധമായിക്കൂടായ്കയില്ല. പദ്ധതിതന്നെ ഉണ്ടായില്ലെന്നുംവരാം.

അതെന്തായാലും, ഇന്ത്യയുടെ ആസൂത്രണപ്രക്രിയയെപ്പറ്റി സമഗ്രമായ ഒരു പുനർമൂല്യനിർണയനം ആവശ്യമായിവന്നിട്ടുണ്ട്. ഈ ലക്ഷ്യത്തോടെ ഏഴാം പദ്ധതിയുടെ സമീപനരേഖയെപ്പറ്റി പഞ്ചായത്തുതലംവരെ ചർച്ചകൾ നടത്തുന്നതു പ്രയോജനകരമായിരിക്കും. കാരണം, പൊതുജനങ്ങളെ ഉദ്ബുദ്ധരാക്കാത്ത കാലത്തോളം പഞ്ചവത്സരപദ്ധതികൾ പെർമിറ്റ്–ക്വോട്ട–ലൈസൻസ് ദുർഭരണത്തിന്റെ അസ്തിവാരം ഉറപ്പിക്കാനേ ഉതകൂ എന്നു നാം അനുഭവിച്ച് അറിഞ്ഞതാണ്. സാധാരണ സംഭവിക്കാറുള്ളതുപോലെ, ചർച്ചകൾ അന്ധമാംവിധം നിഷേധാത്മകമോ ഉപരിപ്ലവമാംവിധം പ്രശംസാത്മകമോ ആകാതെയും സൂക്ഷിക്കണം. വസ്തുതകൾ ലളിതമായി, സത്യമായി മനസ്സിലാക്കുക എന്നതാവണം ഇത്തരം ചർച്ചകളുടെ ലക്ഷ്യം.

(17 ജൂലൈ, 1984)

## 37. ഗുജറാത്ത്

ആദ്യം അസം, പിന്നെ പഞ്ചാബ്, അതിനുശേഷം ഇന്ത്യയിലെ അസ്വാസ്ഥ്യബാധിത സംസ്ഥാനമായിരിക്കുകയാണ് ഗുജറാത്ത്. തെരഞ്ഞെടുപ്പിൽ വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിൽവന്ന മുഖ്യമന്ത്രി മാധവസിംഹ് സോലങ്കിക്ക് ഇത്രപെട്ടെന്ന് ഇങ്ങനെ ഒരു വിപത്തിനെ അഭിമുഖീകരിക്കേണ്ടിവന്നത് വിധിവൈപരീത്യമെന്നേ പറയാവൂ.

'ഗുജറാത്തിൽ കഴിഞ്ഞ രണ്ട് ആഴ്ചകളിൽ എല്ലാവരും എല്ലാവർക്കും എതിരെ പൊരുതുകയാണെന്നു തോന്നി.' മെയ് 15–ലെ 'ഇന്ത്യ ടുഡേ' എന്ന വാരിക എഴുതി: 'ഹിന്ദുക്കളിൽ ഉയർന്ന ജാതിക്കാർ താഴ്ന്ന ജാതിക്കാർക്ക് എതിരേ തിരിഞ്ഞു; ഹിന്ദുക്കൾ മുസ്ലിങ്ങളോടു പോരാടി; പോലീസുകാർ പത്രങ്ങളോടും പൊതുജനങ്ങളോടും സമരംചെയ്തു; സർക്കാർ പ്രതിപക്ഷകക്ഷികളോടു മല്ലടിച്ചു. സ്റ്റേറ്റ്ഗവണ്മെന്റിന്റെ സംവരണനീതിക്കെതിരെ പതിനൊന്ന് ആഴ്ചകൾ മുമ്പ് ആരംഭിച്ച വിദ്യാർത്ഥികളുടെ പ്രക്ഷോഭണം വമ്പിച്ച ഒരു രക്തച്ചൊരിച്ചിലായി മാറി; ഉയർന്ന ജാതികളിലെ സംവരണവിരുദ്ധരും, ഭൂരിപക്ഷം വരുന്ന താഴ്ന്ന ജാതിക്കാർക്ക് അനുവദിച്ച സൗജന്യങ്ങൾ നടപ്പിൽ വരുത്താൻ ദൃഢനിശ്ചയം ചെയ്ത സർക്കാരും തമ്മിലുള്ള സംഘർഷം മറ്റു പല സാമൂഹ്യക്രോധങ്ങളെയും പുറത്തുചാടിച്ചു; ഈ സാമൂഹ്യക്രോധങ്ങൾ സ്റ്റേറ്റിൽ ഉടനീളം ഒന്നിച്ചു പൊട്ടിത്തെറിക്കുകയും, പോലീസും പൊതുജനങ്ങളും തമ്മിൽ നിലവിലുള്ള അടിസ്ഥാന–സാമൂഹ്യ–ധാരണയെപ്പോലും തകർക്കുകയും ചെയ്തു.'